# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 07.25 PM** **DATE:19.10.2026**

### പ്രധാനവാർത്തകൾ

1. ഇന്ത്യ - ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാർ നാളെ നിലവിൽ വരും. രാജ്യത്തെ സംരംഭകർക്കും കർഷകർക്കും പുതിയ അവസരങ്ങൾ തുറക്കുമെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ.

   **The India–New Zealand Free Trade Agreement will come into force tomorrow. Union Minister Piyush Goyal says it will open up new opportunities for Indian entrepreneurs and farmers.**

2. ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് ഉപയോക്താക്കൾക്ക് ചില പ്രത്യേക ഉള്ളടക്കങ്ങൾ അമിതമായി നൽകുന്ന അൽഗൊരിതത്തിൽ മാറ്റം വരുത്തണമെന്ന് മെറ്റയോട് ആവശ്യപ്പെട്ട് കേന്ദ്രസർക്കാർ.

   **The government has asked Meta to review Instagram and Facebook algorithms to ensure that users are not disproportionately exposed to certain types of content.**

3. പോളണ്ട് പ്രധാനമന്ത്രി ഡൊണാൾഡ് ടസ്ക് മൂന്ന് ദിവസത്തെ സന്ദർശനത്തിനായി മറ്റന്നാൾ ഇന്ത്യയിലെത്തും. വ്യാഴാഴ്ച പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തും.

RNU TVPM

**Polish Prime Minister Donald Tusk will arrive in India the day after tomorrow on a three-day visit. He will meet Prime Minister Narendra Modi on Thursday.**

4. **രാജ്യത്തെ കർഷകർക്കായി, നവീകരിച്ച 'അഗ്രി വെൽഫെയർ പോർട്ടൽ' പുറത്തിറക്കി കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.**

   **Union Agriculture Minister Shivraj Singh Chouhan launches the upgraded 'Agri Welfare Portal' for farmers across the country.**

5. **കേരളത്തിൽ തുലാവർഷം ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് 9 ജില്ലകളിൽ മഞ്ഞ ജാഗ്രത.**

   **The India Meteorological Department has forecast heavy rainfall in Kerala, with a yellow alert issued for nine districts today.**

6. **ജപ്പാനിൽ നടക്കുന്ന ഏഷ്യൻ പാരാ ഗെയിംസിൽ ഇന്ത്യക്ക് മുന്നേറ്റം. ഇന്ന് നാലു സ്വർണ്ണ മെഡലുകൾ സ്വന്തമാക്കി ഇന്ത്യൻ താരങ്ങൾ.**

   **India makes significant progress at the Asian Para Games in Japan, with Indian athletes winning four gold medals today.**

****************************************

RNU TVPM

## GOVT- META

ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് എന്നീ സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകളിലെ അൽഗോരിതങ്ങൾ പ്രത്യേകതരം ഉള്ളടക്കങ്ങൾക്ക് മുൻഗണന നൽകുന്നതിനെതിരെ

കേന്ദ്രസർക്കാർ. റെക്കമെന്റേഷൻ സംവിധാനങ്ങൾ വഴി ഉപയോക്താക്കൾക്ക് ഒരേതരം വിവരങ്ങൾ അമിതമായി ലഭിക്കുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് കേന്ദ്രം മെറ്റയോട് ആവശ്യപ്പെട്ടു. ക്രമസമാധാന ലംഘനവും അക്രമവും പ്രോത്സാഹിപ്പിക്കുന്ന ഉള്ളടക്കങ്ങളുടെ കാര്യത്തിൽ പരിശോധന കർശനമാക്കണമെന്ന് ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി മന്ത്രാലയത്തിന്റെ നിർദ്ദേശത്തിൽ പറയുന്നു. സമകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ട ഫോട്ടോകൾ, വീഡിയോകൾ, ഗ്രാഫിക്സുകൾ എന്നിവയ്ക്കൊപ്പം തീയതി, സ്ഥലം തുടങ്ങിയ പശ്ചാത്തല വിവരങ്ങൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നും

***************************************

## POLAND PM-INDIA VISIT

പോളണ്ട് പ്രധാനമന്ത്രി ഡൊണാൾഡ് ടസ്ക് മൂന്ന് ദിവസത്തെ സന്ദർശനത്തിനായി മറ്റന്നാൾ ഇന്ത്യയിലെത്തും. വ്യാഴാഴ്ച പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ഡൊണാൾഡ് ടസ്ക് ഉഭയകക്ഷി ചർച്ചകൾ നടത്തും. ഈ മാസം 22-ന് ന്യൂഡൽഹിയിലും 23-ന് ബംഗളൂരുവിലും നടക്കുന്ന ഇന്ത്യ-പോളണ്ട് ബിസിനസ് ഫോറത്തിലും അദ്ദേഹം പങ്കെടുക്കും.

***************************************

## SHIVRAJ- AGRI PORTAL

കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന്, നവീകരിച്ച 'അഗ്രി വെൽഫെയർ പോർട്ടൽ' പുറത്തിറക്കി. ഇടനിലക്കാരുടെ ഇടപെടലുകളും നടപടിക്രമങ്ങളിലെ തടസ്സങ്ങളും ഒഴിവാക്കി, കേന്ദ്ര പദ്ധതികൾ, ധനസഹായം തുടങ്ങിയവ കർഷകർക്ക് മൊബൈൽ ഫോണുകൾ വഴി നേരിട്ടും എളുപ്പത്തിലും ലഭ്യമാക്കുകയാണ് ലക്ഷ്യം. വിവരങ്ങൾക്കും അപേക്ഷകൾ സമർപ്പിക്കുന്നതിനുമായി

PNU TVPM

കർഷകർക്ക് ഇനി സർക്കാർ ഓഫീസുകൾ കയറിയിറങ്ങേണ്ടി വരില്ലെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

***************************************

## GOYAL-NEW ZEALAND (intro)

ഇന്ത്യ - ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാർ നാളെ നിലവിൽ വരും. ന്യൂസിലൻഡിലേക്ക് കയറ്റുമതി ചെയ്യുന്ന 100 ശതമാനം ഇന്ത്യൻ ഉത്പന്നങ്ങളുടെയും തീരുവ ഇതോടെ ഒഴിവാകും. രാജ്യത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും കരകൗശല വിദഗ്ധർക്കും കർഷകർക്കും ഔഷധമേഖലയ്ക്കും കരാർ പുതിയ അവസരങ്ങൾ തുറന്നുനൽകുമെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ ന്യൂഡൽഹിയിൽ പറഞ്ഞു. 2030-ഓടെ ന്യൂസിലൻഡുമായുള്ള ചരക്ക്-സേവന വ്യാപാരം ഇരട്ടിയാക്കി ഏകദേശം 35,000 കോടി രൂപയിലെത്തിക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം അറിയിച്ചു. (വോയിസ്)

RNU TVPM

***************************************

## RUBIO TRADE DEAL

ഇന്ത്യയുമായുള്ള വ്യാപാര കരാർ അന്തിമ ഘട്ടത്തിലാണെന്ന് യു.എസ് വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ. ഉസ്ബെക്കിസ്ഥാനിലെ സമർഖണ്ഡിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. നാളെ മുംബൈ സന്ദർശിക്കുന്ന റൂബിയോ, വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായി കൂടിക്കാഴ്ച നടത്തും.

***************************************

## MEA-OIC

ബാഗ്ദാദിൽ നടന്ന ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോ-ഓപ്പറേഷൻ വിദേശകാര്യ മന്ത്രിമാരുടെ കൗൺസിൽ യോഗത്തിലെ പ്രമേയങ്ങളിൽ, ഇന്ത്യയ്ക്കെതിരായി ഉയർന്ന പരാമർശങ്ങൾ തള്ളി വിദേശകാര്യമന്ത്രാലയം. പക്ഷപാതപരമായ ഇത്തരം പരാമർശങ്ങൾ പാകിസ്ഥാൻ ആസൂത്രണം ചെയ്തതാണെന്ന് മന്ത്രാലയം ആരോപിച്ചു. ജമ്മു കശ്മീർ, ലഡാക്ക് പ്രദേശങ്ങൾ ഇന്ത്യയുടെ അവിഭാജ്യ ഘടകങ്ങളാണെന്നും രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ അഭിപ്രായം പറയാൻ OIC-ക്ക് യാതൊരു അധികാരവുമില്ലെന്നും മന്ത്രാലയം വ്യക്തമാക്കി.

****************************************

## RAJNATH-SCO MEETING

ഷാങ്ഹായ് സഹകരണ സംഘടനയുടെ 25-ാമത് ഭരണ സമിതി യോഗത്തിൽ പങ്കെടുക്കുന്നതിനായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് യാത്ര തിരിച്ചു. താജിക്കിസ്ഥാനിലെ ദുഷാൻബെയിലാണ് യോഗം. വ്യാപാരം, സമ്പദ്വ്യവസ്ഥ, നിക്ഷേപം, കണക്റ്റിവിറ്റി തുടങ്ങിയ മേഖലകളിൽ SCO അംഗരാജ്യങ്ങൾ തമ്മിലുള്ള ബഹുമുഖ സഹകരണം ശക്തിപ്പെടുത്തുകയാണ് രണ്ടു ദിവസത്തെ യോഗം ലക്ഷ്യമിടുന്നത്.

RNU TVPM

****************************************

## AMIT SHAH-PUNJAB VISIT

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നാളെ പഞ്ചാബിൽ. മൻസ, ഗുർദാസ്പൂർ, സംഗ്രൂർ ജില്ലകളിൽ ലഹരിമരുന്ന് മാഫിയയ്ക്കെതിരെ പ്രവർത്തിക്കുന്നതിനിടെ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങളെ, അദ്ദേഹം സന്ദർശിക്കും.

****************************************

## JITENDRA SINGH-CAMPAIGN

ഈ മാസം 31 വരെ നടക്കുന്ന പ്രത്യേക ശുചിത്വ യജ്ഞം 6.0-യുടെ പുരോഗതി കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ് ന്യൂഡൽഹിയിൽ വിലയിരുത്തി. ശുചിത്വം ശക്തിപ്പെടുത്തുക, കാര്യക്ഷമത വർധിപ്പിക്കുക, ഡിജിറ്റൽ ഭരണസംവിധാനം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ. കഴിഞ്ഞ അഞ്ചുവർഷത്തിനിടെ യജ്ഞത്തിന്റെ ഭാഗമായി ഇ-മാലിന്യം വിറ്റഴിച്ച് ആറായിരം കോടിയിലേറെ രൂപ ഖജനാവിലെത്തിച്ചതായും ശ്രീ ജിതേന്ദ്ര സിംഗ് അറിയിച്ചു.

****************************************

## NAVARATHRI

രാജ്യത്ത് നവരാത്രി ആഘോഷങ്ങൾ പുരോഗമിക്കുന്നു. ശനിയാഴ്ച കൊൽക്കത്തയിലെ ചോർബഗാനിലുണ്ടായ ദുരന്തം കണക്കിലെടുത്ത്, പശ്ചിമബംഗാളിലെ എല്ലാ ദുർഗാ പൂജ പന്തലുകളിലും ശക്തമായ നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തുടനീളമുള്ള ക്ഷേത്രങ്ങളിൽ തീർത്ഥാടകരുടെ തിരക്ക് അനുഭവപ്പെടുന്നുണ്ട്. കേരളത്തിലും വിപുലമായ ആഘോഷങ്ങളാണ് നടക്കുന്നത്. മറ്റന്നാൾ വിജയദശമി ദിനത്തിലെ വിദ്യാരംഭത്തിനായി ക്ഷേത്രങ്ങളിലും സ്ഥാപനങ്ങളിലും ഒരുക്കങ്ങൾ അവസാനഘട്ടത്തിലാണ്.

RIUTVPM

****************************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 25 ന്. പരിപാടിയുടെ 139-ാം പതിപ്പാണിത്. 'മൻ കീ ബാത്തി'ലേക്കുള്ള നിർദേശങ്ങൾ MYGOV

ഓപ്പൺ ഫോറത്തിലോ, 1800-11-7800 എന്ന ടോൾഫ്രീ നമ്പറിലോ വെള്ളിയാഴ്ച വരെ അറിയിക്കാം.

****************************************

## SHEKHAWAT - BISMILLAH KHAN PURASKAR (INTRO)

വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ കലാ - സംസ്കാരിക - പൈതൃക മേഖലകൾ നിർണായക പങ്കുവഹിക്കുമെന്ന് കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്. ന്യൂഡൽഹിയിൽ ഉസ്താദ് ബിസ്മില്ലാ ഖാൻ യുവ പുരസ്കാരം വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ സ്വത്വവും ആഗോളതലത്തിലെ പ്രാധാന്യവും കൂടുതൽ അംഗീകരിക്കപ്പെടുന്ന പരിവർത്തന കാലഘട്ടമാണിതെന്നും ശ്രീ. ഗജേന്ദ്ര സിംഗ് പറഞ്ഞു.

(VOICE)

****************************************

## ASIAN PARA GAMES-MEDALS

PNUTVPM

ജപ്പാനിൽ നടക്കുന്ന ഏഷ്യൻ പാരാ ഗെയിംസിൽ മുന്നേറ്റവുമായി ഇന്ത്യ. പുരുഷന്മാരുടെ ലോങ് ജമ്പിൽ ഇന്ത്യയുടെ നിഷാദ് കുമാർ സ്വർണം നേടി. വനിതകളുടെ 1500 മീറ്റർ സംയുക്ത ഇനത്തിൽ സൗമ്യ സ്വർണവും രാധ വെങ്കിടേഷ് വെള്ളിയും കരസ്ഥമാക്കി. പുരുഷന്മാരുടെ ജാവലിനിൽ റിങ്കു സ്വർണവും അജീത് സിംഗ് വെള്ളിയും നേടി. വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ ഇനത്തിൽ മോണ അഗർവാൾ ഗെയിംസ് റെക്കോർഡോടെ സ്വർണം നേടി. അവനി ലേഖരയ്ക്കാണ് വെള്ളി. ഇതോടെ ഇന്ത്യയുടെ മെഡൽ നേട്ടം നാല് സ്വർണവും അഞ്ച് വെള്ളിയും രണ്ട് വെങ്കലവുമടക്കം 11 ആയി ഉയർന്നു. മെഡൽ നേടിയ താരങ്ങളെ രാഷ്ട്രപതി , പ്രധാനമന്ത്രി തുടങ്ങിയവർ അഭിനന്ദിച്ചു.

****************************************

## KERALA RAIN

കേരളത്തിൽ തുലാവർഷം ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് 9 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ഏഴു ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിനും ഇടിമിന്നലും സാധ്യതയുള്ളതിനാൽ അതീവ ജാഗ്രത പാലിക്കണം. തിരുവനന്തപുരത്തെ തീരങ്ങളിൽ കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

**************************************

## SENSEX + GOLD

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. സെൻസെക്സ് 876 പോയിന്റ് ഇടിഞ്ഞ് 73,853 ലും നിഫ്റ്റി 257 പോയിന്റ് നഷ്ടത്തിൽ 22,889 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കൂടി. പവന് 280 രൂപ കൂടി ഒരു ലക്ഷത്തി 8,560 രൂപയും ഗ്രാമിന് 13,570 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

**************************************

## INDIA – LEGAL METROLOGY

അന്താരാഷ്ട്ര ലീഗൽ മെട്രോളജി കമ്മിറ്റിയുടെ 61-ാമത് യോഗത്തിന് ഇന്ത്യ ആതിഥേയത്വം വഹിക്കും. ഈ മാസം 26 മുതൽ ന്യൂഡൽഹിയിലാണ് യോഗം. ഇതാദ്യമായാണ് ഇന്ത്യ ലീഗൽ മെട്രോളജി കമ്മിറ്റി യോഗത്തിന് ആതിഥേയത്വം വഹിക്കുന്നത്.

**************************************

## RAILWAY – LOUD MUSIC

ട്രെയിനുകളിലും റെയിൽവേ പരിസരങ്ങളിലും മൊബൈൽ ഫോണുകളിൽ ഉച്ചത്തിൽ സംഗീതമോ വീഡിയോകളോ പ്ലേ ചെയ്യുന്നതിനെതിരെ യാത്രക്കാർക്ക് മുന്നറിയിപ്പുമായി ഇന്ത്യൻ റെയിൽവേ. ഇത്തരത്തിൽ മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന യാത്രക്കാരെ റെയിൽവേ പരിസരത്തുനിന്ന് നീക്കം ചെയ്യുകയും ആയിരം രൂപ വരെ പിഴ ചുമത്തുകയും ചെയ്യാവുന്നതാണ്. നിർദേശം ആവർത്തിച്ച് ലംഘിക്കുന്നവർക്ക് ആറുമാസം വരെ തടവോ അയ്യായിരം രൂപ വരെ പിഴയോ രണ്ടും ഒരുമിച്ചോ നൽകാനും വ്യവസ്ഥയുണ്ടെന്ന് റെയിൽവേയുടെ നിർദേശത്തിൽ വ്യക്തമാക്കുന്നു.

*****************************************************************************************************************************************

RNU TVPM